കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ പ്രാദേശിക വികസനരംഗത്ത് കേരളത്തിലാകമാനം പുത്തൻ മാതൃകയാവാൻ കഴിയുന്ന വിധത്തിൽ സംയോജിപ്പിച്ചുകൊണ്ട് "വിഷൻ 2015"ന് രൂപം നൽകിയിരിക്കുകയാണ്. കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെയും ,ജില്ലാ –ബ്ലോക്ക് - ഗ്രാമപഞ്ചായത്ത് സമിതികളുടെയും, മറ്റു സർക്കാർ ഇതര സന്നദ്ധ സംഘടനകളുടേയും സംയുക്ത സഹകരണത്തോടെ 2013 മുതൽ 2015 വരെയുള്ള കാലഘട്ടത്തിൽ യാഥാർത്ഥ്യമാക്കാൻ കഴിയുന്ന എല്ലാ വികസനസംരംഭങ്ങളും ഉൾപെടുത്തിയാണ് പുതിയ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. .

കടുത്തുരുത്തി നിയോജകമണ്ഡലം സമഗ്രവികസനപദ്ധതി "വിഷൻ 2015"-ന്റെ ഔപചാരിക ഉദ്ഘാടനം മാർച്ച് 9ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവ്വഹിക്കുകയുണ്ടായി.

തൃശ്ശൂർ കില ട്രെയിനിംഗ് സെന്ററിന്റെ നേതൃത്വത്തിലും കഴിഞ്ഞ വർഷം നിയോജകമണ്ഡലം അടിസ്ഥാനത്തിലും നടത്തിയ ചർച്ചയുടെ വെളിച്ചത്തിലാണ് "വിഷൻ 2015"ന് രൂപം നൽകിയിട്ടുള്ളത്. തുടർന്ന് നടത്തുന്ന പ്രാദേശിക ജനകീയ കൂട്ടായ്മകളുടെ അടിസ്ഥാനത്തിൽ വികസന മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതാണ് തിരുമാനിച്ചിട്ടുള്ളത്.

"വിഷൻ 2015" ഒന്നാമത്തെ പരിഗണന നൽകുന്നത് നിയോജകമണ്ഡലത്തിലെ മുഴുവൻ പ്രദേശങ്ങളിലും സമഗ്ര കുടിവെള്ള പദ്ധതി നടപ്പക്കുന്നതിനാണ്. ഇതിന് ആവശ്യമായ വിവിധ വാട്ടർ അതോറിറ്റി ആഫിസുകൾ കടുത്തുരുത്തി മണ്ഡലത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ കീഴിലുള്ള സർകാർ അഫിസുകളും, സ്ഥാപനങ്ങളും ഈ കാലഘട്ടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.

അന്താരാഷ്ട്ര നിലവാരത്തിലുള്ള റോഡുകൾ ഏറ്റവും അധികം യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞ മണ്ഡലങ്ങളിലൊന്നായി കടുത്തുരുത്തി ഇതിനോടകം മാറികഴിഞ്ഞിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി എം.സി.റോഡ് വികസനം യാഥാർത്ഥ്യമാക്കും. എല്ലാ പഞ്ചായത്ത് കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ട മുഴുവൻ റോഡുകളും ആധുനിക നിലവാരത്തിൽ നവീകരിക്കുന്നതിനുള്ള റോഡ് നെറ്റ്‌വർക്ക് "വിഷൻ 2015"-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ ബൈപ്പാസ് റോഡുകൾ ഇതിന്റെ ഭാഗമായി പൂർത്തിയാക്കും. മിനി സിവിൽ സ്റ്റേഷനുകൾ, പഞ്ചായത്ത് ആസ്ഥാന മന്ദിരങ്ങൾ, ഗവൺമെന്റ് സ്കൂൾ-കോളേജ് കെട്ടിട

സമുച്ചയങ്ങൾ എന്നിവയ്ക്കു വേണ്ടി പ്രത്യേക പ്രോജക്ടിന് രൂപം കൊടുത്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആരംഭിക്കുന്ന പ്രധാനപ്പെട്ട വിവിധ സ്ഥാപനങ്ങളും പദ്ധതികളും ഈ കാലഘട്ടത്തിൽ ആരംഭിക്കുന്നതാണ്.

കാർഷികോത്പാദനം വർദ്ധിപ്പിക്കുവാനും കർഷകരെ സംരക്ഷിക്കുവാനും കഴിയുന്ന വിധത്തിലുള്ള നൂതന പദ്ധതികൾ നടപ്പാക്കും. പരിസ്ഥിതി സംരക്ഷണത്തിനും വെള്ളപ്പൊക്ക കെടുതികൾ ഒഴിവാക്കുന്നതിനും, നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന വിധത്തിൽ വിവിധ തോടുകളും ഉൾനാടൻ ജലാശയങ്ങളും നവീകരിക്കുന്നതിന് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. MVIP കനാൽ നിർമ്മാണം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നത് "വിഷൻ 2015"- ലെ മുഖ്യകർമ്മപരിപാടിയാണ്.

അതിപുരാതനമായ ക്ഷേത്രങ്ങൾ, ദേവാലയങ്ങൾ, എന്നിവയുടെ പ്രാധാന്യം സംരക്ഷിക്കാൻ കഴിയുന്ന വിധത്തിൽ വിവിധ വികസന പദ്ധതികൾ, കലാ -സാംസ്കാരിക – ഗവേഷണ പഠന കേന്ദ്രം എന്നിങ്ങനെയുള്ള സുപ്രധാന വികസന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയാണ് "വിഷൻ 2015" നടപ്പക്കുന്നത്. വിദ്യാഭ്യാസ-ബൗദ്ധിക രംഗത്ത് യുവ തലമുറയ്ക്ക് പ്രോത്സാഹനം നൽകാനും പുത്തൻ കായിക പ്രതിഭകളെ വാർത്തെടുക്കാനും കഴിയുന്ന വിധത്തിലുള്ള സുപ്രധാന കർമ്മ പരിപാടികൾ ഇതിന്റെ ഭാഗമായി ആവിഷ്കരിക്കുന്നതാണ്.

വിദ്യാഭ്യാസ പുരോഗതിയും വിജ്ഞാന വളർച്ചയും ലക്ഷ്യവെച്ചുകൊണ്ട് കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി കേരളാ സയൻസ് സിറ്റി കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുറവിലങ്ങാട് യാഥാർത്ഥ്യമാക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

കടുത്തുരുത്തി കേന്ദ്രമായി ആരംഭിച്ച പുതിയ വിദ്യാഭ്യാസ ജില്ലയുടെ പ്രവർത്തനങ്ങൾ സ്കൂൾ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന്ന് ഏറ്റവും സഹായകരമാണ്. ഇതോടൊപ്പം കിടങ്ങൂർ എഞ്ചിനീയറിംഗ് കോളേജ് , കടുത്തുരുത്തി ഗവ: പോളി ടെക്നിക്ക്, ഞീഴൂർ അപ്ലൈഡ സയൻസ് കോളേജ് , കടുത്തുരുത്തി കേന്ദ്രിയ വിദ്യാലയം, മുളക്കുളം-പെരുവ ഗവ: ഐ.ടി.ഐ തുടങ്ങിയ പുതിയ സ്ഥാപനങ്ങളും മറ്റ് കോളേജുകളും സംയോജിപ്പിച്ചുകൊണ്ട് സ്കൂൾ -കോളേജ് പഠന

നിലവാരം ഉയർത്താനും ഏറ്റവും സഹായിക്കുന്ന വിധത്തിലാണ് "വിഷൻ 2015"-ന് രൂപം നൽകിയിട്ടുള്ളത്.

വികസനപ്രവർത്തനങ്ങൾ ജനകീയാവശ്യത്തിന്റെ മുൻഗണനാടിസ്ഥാനത്തിലും സമയബന്ധിതമായും നടപ്പാക്കുന്നതിന് ജനനേതാക്കളും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ചേർന്നുള്ള കൂട്ടായ പരിശ്രമമാണ് "വിഷൻ 2015"ലൂടെ സാക്ഷാത്ക്കരിക്കപ്പെടുന്നത്. കേരളത്തിന്റെ വികസന രംഗത്ത് "കടുത്തുരുത്തി മോഡൽ " പുത്തൻ മാതൃകയാകുന്നുയെന്നത് നമുക്ക് ഏവർക്കും അഭിമാനകരമാണ്.